Telegram: KERSERCOM
Website : www.keralapsc.gov.in

Tel: 0471-2447201
e-mail : kpsc@keralapsc.org

**ഫയൽ നമ്പർ :** DE III 1738/16/EW

തീയതി : 25/07/2016

# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

## യോഗ്യതാ നിർണ്ണയ പരീക്ഷ - 2016
## കാറ്റഗറി നമ്പർ - 210/2016

## വിജ്ഞാപനം

<u>പൊതുനിർദ്ദേശങ്ങൾ</u>

1. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ പെറ്റി കോൺട്രാക്ട് വർക്ക്മെൻ ആയി ജോലി ചെയ്തവർക്കായി നടത്താൻ നിശ്ചയിച്ചിട്ടുള്ള യോഗ്യതാ നിർണ്ണയ പരീക്ഷക്ക് ഓൺലൈൻ വഴി അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. ഓൺലൈൻ വഴി അല്ലാതെയുള്ള അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in ലൂടെ One Time Registration (OTR) പൂർത്തിയാക്കിയതിനുശേഷം പരീക്ഷാർത്ഥികൾക്ക് ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. പരീക്ഷകൾക്ക് ഓൺലൈനായി അപേക്ഷിക്കുന്നതിനു വേണ്ടി രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികൾ ഒരു കാരണവശാലും വീണ്ടും രജിസ്റ്റർ ചെയ്യുവാൻ പാടുള്ളതല്ല. അവർ പ്രസ്തുത രജിസ്ട്രേഷനിലൂടെ (പ്രൊഫൈലിലൂടെ) മാത്രം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

2. യോഗ്യതാ പരീക്ഷ OMR (Objective Type) രീതിയിലാണ് നടത്തുന്നത്. Alpha Code ബാധകമായിട്ടുള്ള OMR പരീക്ഷയാണ് നടത്തുന്നത്. പരീക്ഷയ്ക്ക് പരമാവധി മാർക്ക് 100 ആയിരിക്കും. വിജയിക്കാനാവശ്യമായ മാർക്കിന് പരിധി നിശ്ചയിക്കാതെ ലഭ്യമായ മാർക്കിന്റെ റാങ്ക് അനുസരിച്ച് എല്ലാവരെയും ഉൾപ്പെടുത്തുന്നതാണ്. ഓരോ ശരിയുത്തരത്തിനും 1 മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 (മൂന്നിലൊന്ന്) മാർക്ക് നഷ്ടമാകുകയും ചെയ്യും.

One Time Registration സമയത്ത് ഓരോ ഉദ്യോഗാർത്ഥിയും തങ്ങളുടെ വ്യക്തിപരമായ വിവരണങ്ങളായ ജനനത്തീയതി, മേൽവിലാസം, ഔദ്യോഗിക മേൽവിലാസം, സർവ്വീസ് കാലയളവ് എന്നിവ നൽകുന്നതിനൊപ്പം തങ്ങളുടെ ഫോട്ടോഗ്രാഫും, ഒപ്പും അപ്‌ലോഡ് ചെയ്യേണ്ടതാണ്. തുടർന്ന് ഒരു user id, password എന്നിവ ലഭിക്കുന്നതാണ്. ഇവ രണ്ടും രഹസ്യമായി സൂക്ഷിക്കേണ്ടത് പരീക്ഷാർത്ഥികളുടെ ചുമതലയാണ്. കൂടാതെ വ്യക്തി വിവരങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

<u>രജിസ്ട്രേഷന് ഉപയോഗിക്കേണ്ട ഫോട്ടോയുടെ മാതൃക</u>

1. ഫോട്ടോ 31.12.2010 ന് ശേഷം എടുത്തവയായിരിക്കണം. അപേക്ഷകന്റെ പേരും ഫോട്ടോ എടുത്ത തീയതിയും ഫോട്ടോയിൽ പ്രിന്റ് ചെയ്തിരിക്കണം.

2. പരീക്ഷാർത്ഥിയുടെ മുഖവും തോൾഭാഗവും വ്യക്തമായി പതിഞ്ഞിരിക്കത്തക്ക വിധത്തിലുള്ള കളർ/ബ്ലാക്ക് & വൈറ്റ് പാസ്പോർട്ട് സൈസ് ഫോട്ടോയായിരിക്കണം.

3. 200 pixel ഉയരവും 150 pixel വീതിയും ഉള്ളതും Jpg ഫോർമാറ്റിലുള്ളതും 30 Kb ഫയൽ സൈസിൽ അധികരിക്കാത്തതുമായ ഇമേജുകൾ ആണ് Upload ചെയ്യേണ്ടത്.

4. വെളുത്തതോ ഇളം നിറത്തിലോ ഉള്ള പശ്ചാത്തലത്തിൽ എടുത്ത ഫോട്ടോയായിരിക്കണം. (ഫോട്ടോയിലുള്ള വ്യക്തിയെ തിരിച്ചറിയാൻ സാധിക്കുന്ന തരത്തിലുള്ള പശ്ചാത്തലം ആയിരിക്കണം).

5. മുഖം നേരെയും പൂർണ്ണമായും ഫോട്ടോയുടെ മധ്യഭാഗത്ത് പതിഞ്ഞിരിക്കുന്നതുമാകണം.

6. കണ്ണുകൾ വ്യക്തമായി കാണത്തക്ക വിധത്തിലായിരിക്കണം.

7. തൊപ്പി (മതാചാരത്തിന്റെ ഭാഗമായുള്ള തൊപ്പി/ശിരോവസ്ത്രം എന്നിവയൊഴിച്ച്), ഗോഗിൾസ് എന്നിവ ധരിച്ച് എടുത്തതോ മുഖത്തിന്റെ ഒരു വശം മാത്രം കാണത്തക്ക വിധത്തിലുള്ളതോ, മുഖം വ്യക്തമല്ലാത്തതോ ആയ ഫോട്ടോകൾ, യൂണിഫോം ധരിച്ചുകൊണ്ടുള്ള ഫോട്ടോകൾ എന്നിവ ഉപയോഗിക്കാൻ പാടില്ലാ.

8. മൊബൈൽ ഫോൺ, webcam എന്നിവ ഉപയോഗിച്ച് എടുക്കുന്ന ഫോട്ടോയും Polaroid & Computer Generated Photo യും സ്വീകരിക്കുന്നതല്ല.

9. ഇളം നിറത്തിലുള്ള വസ്ത്രം ധരിച്ച് എടുത്ത ഫോട്ടോ ആയിരിക്കണം

**(1 മുതൽ 9 വരെയുള്ള നിർദ്ദേശങ്ങൾ പാലിക്കാത്ത ഫോട്ടോയുള്ള അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്).**

പരീക്ഷാർത്ഥികളുടെ പ്രൊഫൈലിൽ അവരുടെ ഫോട്ടോയോടുകൂടിയ Admission Ticket ലഭ്യമാകുന്നതും, ആയത് ഡൗൺലോഡ് ചെയ്ത് യഥാവിധി സാക്ഷ്യപ്പെടുത്തി, കമ്മീഷൻ അംഗീകരിച്ചിട്ടുള്ള 15 തിരിച്ചറിയൽ രേഖകളിൽ ഏതെങ്കിലും ഒന്നിന്റെ അസൽ സഹിതം പരീക്ഷയ്ക്ക് ഹാജരാകേണ്ടതാണ്. (തിരിച്ചറിയൽ രേഖകളുടെ വിശദാംശം കമ്മീഷന്റെ വെബ്സൈറ്റായ www.keralapsc.gov.in ൽ ലഭ്യമാണ്. ഏതെങ്കിലും തിരിച്ചറിയൽ രേഖ ഹാജരാക്കാത്തവരെ പരീക്ഷ എഴുതാൻ അനുവദിക്കില്ല.

ഓൺലൈൻ ആപ്ലിക്കേഷൻ പൂരിപ്പിക്കുന്നതിന് മുൻപ് വിജ്ഞാപനം വിശദമായി വായിച്ചിരിക്കേണ്ടതാണ്. വിജ്ഞാപനം കമ്മീഷന്റെ വെബ്സൈറ്റിലും, കമ്മീഷൻ ജില്ലാ/മേഖല ഓഫീസുകൾ, ജില്ലാ കളക്ട്രേറ്റുകൾ, ജില്ലാ ഇൻഫർമേഷൻ ഓഫീസുകൾ എന്നിവിടങ്ങളിലും ലഭ്യമാണ്.

പരീക്ഷകളുടെ സ്ഥലം, തീയതി, സമയം എന്നിവ യഥാക്രമം പത്രമാധ്യമങ്ങളിലൂടെയും, പി.എസ്.സി. വെബ്സൈറ്റിലൂടെയും പരസ്യപ്പെടുത്തുന്നതാണ്. കൂടാതെ സമയ വിവരപ്പട്ടികകൾ പി.എസ്.സി. യുടെ ജില്ലാ/മേഖല ഓഫീസുകൾ, കളക്ട്രേറ്റുകൾ, ജില്ലാ ഇൻഫർമേഷൻ ഓഫീസുകൾ എന്നിവിടങ്ങളിൽ നിന്നും പരീക്ഷാർത്ഥികൾക്ക് റഫറൻസിന് ലഭിക്കുന്നതാണ്. കൂടാതെ ഓരോ പരീക്ഷാർത്ഥിക്കും ആവശ്യമായി വരുന്ന പരീക്ഷയുടെ ടൈംടേബിൾ

അവരവരുടെ പ്രൊഫൈലിൽ ലഭ്യമാകുന്നതാണ്. വ്യക്തിപരമായി പരീക്ഷാർത്ഥികൾക്ക് സമയവിവരപ്പട്ടിക തപാലിൽ അയക്കുന്നതല്ല.

<u>അപേക്ഷാഫീസ്</u>

3. യോഗ്യതാ നിർണ്ണയ പരീക്ഷയ്ക്ക് അപേക്ഷാ ഫീസ് ഇല്ല.

4. മൊബൈൽ ഫോൺ, ബ്ലൂ ടൂത്ത്, വാക്ക്മാൻ, കാൽകുലേറ്റർ, സ്മാർട്ട് വാച്ച് തുടങ്ങി വിവരവിനിമയത്തിനുള്ള എല്ലാ ഇലക്ട്രോണിക്സ് ഉപകരണങ്ങളും പരീക്ഷാ കാമ്പസിൽ കർശനമായി നിരോധിച്ചിരിക്കുന്നു. ഇത്തരം ഉപകരണങ്ങൾ പരീക്ഷാ ഹാളിനുള്ളിൽ കൈവശം വയ്ക്കുന്ന ഉദ്യോഗാർത്ഥികളുടെ ഉത്തരക്കടലാസുകൾ അസാധുവാക്കുന്നത് ഉൾപ്പെടെയുള്ള ശിക്ഷാനടപടികൾ കൈക്കൊള്ളുന്നതാണ്.

5. പരീക്ഷകളുടെ ചീഫ് സൂപ്രണ്ടിനോടോ, അസിസ്റ്റന്റ് സൂപ്രണ്ടിനോടോ, അഡീഷണൽ ചീഫ് സൂപ്രണ്ടിനോടോ അപമര്യാദയായി പെരുമാറുകയോ പരീക്ഷയിൽ ഏതെങ്കിലും തരത്തിലുള്ള ക്രമക്കേടുകൾ കാണിക്കുകയോ, പരീക്ഷാ ഹാളിൽ ബുക്കുകൾ, ഗൈഡുകൾ എന്നിവ കൊണ്ടുവരികയോ ചെയ്യുന്നവരുടെ ഉത്തരക്കടലാസുകൾ അസാധുവാക്കുന്നതാണ്. അതിനു പുറമേ അവരെ കേരള പബ്ലിക് കമ്മീഷൻ നിശ്ചയിക്കുന്ന കാലത്തോളം യോഗ്യതാ നിർണ്ണയ പരീക്ഷകൾ എഴുതുന്നതിൽ നിന്നും വിലക്കുന്നതാണ്. കമ്മീഷൻ അംഗങ്ങളെയോ, കമ്മീഷന്റെ സ്റ്റാഫിൽപ്പെട്ട ആരെയെങ്കിലുമോ, പരീക്ഷകനെയോ, പരീക്ഷ സംബന്ധിച്ച കാര്യങ്ങൾക്കായി സ്വാധീനിക്കുവാൻ ശ്രമിക്കുകയോ, അതിന് മറ്റാരെയെങ്കിലും നിയോഗിക്കുകയോ ചെയ്യുന്നവർക്കും മേൽപ്പറഞ്ഞ ശിക്ഷ നൽകുന്നതാണ്.

6. താഴെപ്പറയുന്ന ന്യൂനതകൾ ഉള്ള അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.

(1) നിർദ്ദേശപ്രകാരമല്ലാത്ത ഫോട്ടോയോടുകൂടിയ അപേക്ഷകൾ. (ഫോട്ടോയിൽ പേരും, ഫോട്ടോ എടുത്ത തീയതിയും നിർബന്ധമായും ഉണ്ടായിരിക്കണം. അല്ലാത്തവ നിരുപാധികം നിരസിക്കുന്നതാണ്).

(2) അപേക്ഷയിലും ഫോട്ടോയിലും സർട്ടിഫിക്കറ്റിലും ഉള്ള പേരിലുള്ള വ്യത്യാസം. പ്രസ്തുത ന്യൂനതകൾ ഏതെങ്കിലും ഘട്ടത്തിൽ കണ്ടെത്തുകയാണെങ്കിൽ അറിയിപ്പൊന്നും കൂടാതെ അപേക്ഷ നിരസിക്കുവാനും ഉത്തരക്കടലാസുകൾ അസാധുവാക്കുവാനും കമ്മീഷന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

7. അപേക്ഷകൾ വിജയകരമായി സമർപ്പിച്ചു (Successfully Uploaded/Received) എന്നത് കൊണ്ട് അപേക്ഷകൾ അന്തിമമായി സ്വീകരിക്കപ്പെട്ടു എന്ന് ധരിക്കേണ്ടതില്ല. അപേക്ഷകളുടെ സൂക്ഷ്മപരിശോധന നടത്തിയതിന് ശേഷം മാത്രമേ അപേക്ഷകളുടെ സ്വീകാര്യത സംബന്ധിച്ച് അറിയുവാൻ സാധിക്കുകയുള്ളൂ. സ്വീകാര്യമായ അപേക്ഷകൾ സമർപ്പിച്ച ഉദ്യോഗാർത്ഥികൾക്ക് അവരവരുടെ പ്രൊഫൈലിൽ നിന്നും അഡ്മിഷൻ ടിക്കറ്റ് ഡൗൺലോഡ് ചെയ്യാവുന്നതാണ്.

8. പരീക്ഷയുടെ സിലബസ് ഉൾപ്പെടെയുള്ള മറ്റ് വിവരങ്ങൾ ടൈംടേബിളിനൊപ്പം പ്രസിദ്ധീകരിക്കുന്നതാണ്.

9. യോഗ്യതാ നിർണ്ണയ പരീക്ഷ പാസായി ലിസ്റ്റിൽ ഉൾപ്പെട്ടു എന്നതിനാൽ മാത്രം പ്രമോഷൻ/നിയമനം ലഭിക്കുന്നതല്ല. ബന്ധപ്പെട്ട വകുപ്പിൽ ഉണ്ടാകുന്ന നിശ്ചിത ശതമാനം ഒഴിവുകളിലേക്ക് ടി തസ്തികയുടെ സ്പെഷ്യൽ റൂളിൽ പ്രതിപാദിച്ചിരിക്കുന്ന മറ്റ് യോഗ്യതകൾകൂടി ഉള്ളപക്ഷം നിയമന അധികാരി പ്രമോഷൻ/നിയമനം നൽകുന്നതാണ്.

**കാറ്റഗറി നമ്പർ - 210/2016**

## യോഗ്യതാ നിർണ്ണയ പരീക്ഷ

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ പെറ്റി കോൺട്രാക്ട് വർക്കേഴ്സ് ആയി ജോലി നോക്കി വരുന്ന ജീവനക്കാരുടെ ഉദ്യോഗക്കയറ്റത്തിനായുള്ള യോഗ്യതാ നിർണ്ണയ പരീക്ഷയ്ക്ക് കെ.എസ്.ഇ.ബി. യിലെ പെറ്റി കോൺട്രാക്ട് വർക്കേഴ്സ് ആയി ജോലി നോക്കി വന്നിരുന്നതും, 15.12.2004 ൽ പാലക്കാട് ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിലും, തുടർന്ന് ബഹു: ഹൈക്കോടതി, ബഹു:സുപ്രീം കോടതി എന്നിവിടങ്ങളിൽ നിന്നുള്ള ഉത്തരവുകൾ അനുസരിച്ചും, തിരുവനന്തപുരം ലേബർ കമ്മീഷണർ തയ്യാറാക്കിയിട്ടുള്ള അന്തിമ സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും, ഓൺലൈനായി ഒറ്റത്തവണ രജിസ്ട്രേഷൻ പദ്ധതിപ്രകാരം അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.

(Common Judgement of the Hon'ble High Court dt 23.03.16, in WP(C) Nos. 14909, 27481, 30800, 31144, 32266, 34375 and 34900/14, 444, 475, 476, 980, 1269, 4904 and 38532/12)

1. <u>യോഗ്യതകൾ</u>. 4 - ാം സ്റ്റാൻഡേർഡ് പാസ്സായിരിക്കേണ്ടതും 10 - ാം സ്റ്റാൻഡേർഡ് പാസാകാൻ പാടില്ലാത്തതുമായിരിക്കണം.

2. ശാരീരിക ക്ഷമത.

   (a) 5' 2" (157.48 സെ. മി.) പൊക്കം ഉണ്ടായിരിക്കണം.

   (b) കണ്ണടയില്ലാതെ സാധാരണ കാഴ്ച. വർണ്ണാന്ധത (Color Blindness) ഉണ്ടായിരിക്കരുത്.

   (c) പുറം ജോലികൾ ചെയ്യാനുള്ള ശാരീരിക ക്ഷമത ഉണ്ടായിരിക്കണം. ശാരീരികക്ഷമത തെളിയിക്കുന്നതിനായി ചുവടെ കൊടുത്തിരിക്കുന്ന മാതൃകയിൽ ഒരു മെഡിക്കൽ സർട്ടിഫിക്കറ്റ്, അസി.സർജനിൽ കുറയാത്ത ഒരു മെഡിക്കൽ ഓഫീസറിൽ നിന്നും വാങ്ങി വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കേണ്ടതാണ്.

## Form of Medical Certificate

I have this day medically examined Shri. (Name and Address) …………
…………………………………………………………………………………
……………………………………………………………………. and found that he has no disease or infirmity which would render him unsuitable for Government/K.S.E.B. Service.

1. Height.
2. Vision.
   (Also indicate whether free from colour blindness, or not)

3. He is physically ………………. for outdoor work (Please not whether fit or unfit).

Signature :

Place :
Date :

Name and Address of the Medical Officer.

(Office Seal)

PHYSICAL STANDARD REQUIRED

1. Height : 5’ 2” (157.48 cms).
2. Vision : Without glasses. Normal (free from colour blindness).
3. Must be physically fit for outdoor work.

Note : Certificate should be one issued by a Medical Officer not below the rank of an Assistant Surgeon.

നോട്ട് : കെ.എസ്.ഇ.ബി. യിലെ പെറ്റി കോൺട്രാക്റ്റ് വർക്കേഴ്സ് ആയി ജോലി നോക്കി വന്നിരുന്നതും 15.12.2004 ൽ പാലക്കാട് ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിലും തുടർന്ന് ബഹു:ഹൈക്കോടതി, ബഹു: സുപ്രീം കോടതി എന്നിവിടങ്ങളിൽ നിന്നുള്ള ഉത്തരവുകൾ അനുസരിച്ചും തിരുവനന്തപുരം അഡീഷണൽ ലേബർ കമ്മീഷണർ തയ്യാറാക്കിയിട്ടുള്ള അന്തിമലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾ മാത്രമേ അപേക്ഷ സമർപ്പിക്കാൻ പാടുള്ളൂ. അല്ലാത്തപക്ഷം അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.

3. പ്രായപരിധി – ബാധകമല്ല.

4. പരീക്ഷ – ടി തസ്തികയ്ക്ക് നിഷ്കർഷിച്ചിട്ടുള്ള യോഗ്യതയിൽ ഒ.എം.ആർ. പരീക്ഷ, ഒരു മണിക്കൂർ 15 മിനിട്ട് ദൈർഘ്യവും പരമാവധി 100 മാർക്കുമുള്ള പരീക്ഷയാണ് നടത്തുന്നത്.

5. <u>അപേക്ഷാ ഫീസ്</u>. ടി പരീക്ഷയ്ക്ക് അപേക്ഷാ ഫീസ് ഇല്ല.

6. <u>അപേക്ഷ അയയ്ക്കുന്ന രീതി</u> അപേക്ഷകർ ഒറ്റത്തവണ രജിസ്ട്രേഷൻ സംവിധാനത്തിൽ രജിസ്റ്റർ ചെയ്തശേഷം തങ്ങളുടെ പ്രൊഫൈലിലൂടെ ഓൺലൈനായി മാത്രം അപേക്ഷ അയയ്ക്കേണ്ടതാണ്. വിശദവിവരങ്ങൾക്കും മാർഗ്ഗ നിർദ്ദേശങ്ങൾക്കും പൊതുനിർദ്ദേശം കാണുക.

<u>കുറിപ്പ്</u>

1. വിജ്ഞാപനത്തിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സമർപ്പിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.

2. യോഗ്യതാ നിർണ്ണയ പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിച്ച ഉദ്യോഗാത്ഥികൾ തങ്ങൾ തിരുവനന്തപുരം അഡീഷണൽ ലേബർ കമ്മീഷണർ തയ്യാറാക്കിയ അന്തിമസീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടവരാണെന്നും, അവർ 15.12.2004 നു മുൻപ് മിനിമം 1200 ദിവസം പെറ്റി കോൺട്രാക്ട് വർക്കേഴ്സ് ആയി ജോലി നോക്കിയിട്ടുണ്ടെന്നും, ആഫീസ് വകുപ്പ് മേധാവിയുടെ സാക്ഷ്യപത്രം കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് നേരിട്ട് ഹാജരാക്കേണ്ടതാണ്. സാക്ഷ്യപത്രത്തിന്റെ മാതൃക **Annexure A** ചേർത്തിട്ടുണ്ട്.

അപേക്ഷ സ്വീകരിക്കുന്ന അവസാനതീയതി : 31/08/2016 അർദ്ധരാത്രി 12 മണി.

സാജു ജോർജ്ജ്
സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

.......................................................................................................

## <u>Annexure A</u>

### <u>സാക്ഷ്യപത്രം</u>

കേരള ഇലക്ട്രിസിറ്റി ബോർഡിൽ ......................................................... ....................................................... (ജീവനക്കാരന്റെ പേരും മേൽവിലാസവും ................................................................... ഓഫീസിൽ ................................................................ കോൺട്രാക്ടറുടെ കീഴിൽ 15.12.2004 വരെ ......... ദിവസം പെറ്റി കോൺട്രാക്ട് വർക്കർ ആയി ജോലി നോക്കി വന്നിരുന്നതാണെന്നും. ടിയാൾ 15.12.2004 ൽ പാലക്കാട് ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിലും, തുടർന്ന് ബഹു: ഹൈക്കോടതി, ബഹു:സുപ്രീം കോടതി എന്നിവിടങ്ങളിൽ നിന്നുള്ള ഉത്തരവുകൾ അനുസരിച്ച് തിരുവനന്തപുരം അഡീഷണൽ ലേബർ കമ്മീഷണർ തയാറാക്കിയിട്ടുള്ള അന്തിമ സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളയാളാണെന്നും, ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ് :

സ്ഥലം : ആഫീസ് മേലധികാരിയുടെ പേര്:
തീയതി : ഉദ്യോഗപ്പേര്;

ഓഫീസ് മുദ്ര.